നെടുമ്പാശേരി വിമാനത്താവളത്തിൽ വന്നിറങ്ങിയ യാത്രക്കാരനെ തട്ടിക്കൊണ്ടു പോയ കേസിലെ പ്രതിയുടെ ജാമ്യം റദ്ദ് ചെയ്ത നടപടിക്കെതിരെ ഇയാൾ സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളുകയും ജാമ്യം റദ്ദാക്കിയ നടപടി ശരിവക്കുകയും ചെയ്തു. മാറമ്പിള്ളി പള്ളിപ്രം ചെറുവേലിക്കുന്നത്ത് പുത്തൂക്കാടൻ വീട്ടിൽ ഇബ്രാഹിം കുട്ടി (ഇബ്രു 44) യുടെ ജാമ്യമാണ് റദ്ദാക്കിയത്. നെടുമ്പാശേരി വിമാനത്താവളത്തിൽ ഇറങ്ങിയ താജു എന്ന യാത്രക്കാരനെ തട്ടിക്കൊണ്ടുപോയി ദേഹോപദ്രവം ഏൽപ്പിച്ച കേസിലെ ഒന്നാം പ്രതിയായ ഇയാൾക്ക് കോടതി ഉപാധികളോടെ ജാമ്യം നൽകിയിരുന്നു. വ്യവസ്ഥകൾ ലംഘിച്ച് കഴിഞ്ഞ ജനുവരിയിൽ വയനാട് പടിഞ്ഞാറേത്തറ സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത മയക്കുമരുന്ന് കേസിൽ പ്രതിയായതിനെ തുടർന്ന് ഇയാളുടെ ജാമ്യം റദ്ദാക്കാൻ കോടതിയിൽ പോലീസ് റിപ്പോർട്ട് സമർപ്പിച്ചത്.